**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലേയ്ക്കെത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദ സഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷിക്കാർക്ക് ഉൾപ്പെടെ അനുഭവവേദ്യമാക്കുന്നതിനായി 'ബാരിയർ ഫ്രീ ടൂറിസം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം നടത്തി വരുന്നു. വിനോദ സഞ്ചാരികളുടെ ശുചിത്വവും, സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>മലനാട് - മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>ആലപ്പുഴ ഹെറിറ്റേജ് പദ്ധതി "ഗ്രീൻ കാർപ്പറ്റ്" സ്കീം<br>കൊല്ലം ജില്ലയിലെ ജഡായു പാറ ടൂറിസം പദ്ധതി<br>ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>ഉത്തരവാദിത്ത ടൂറിസം പദ്ധതി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് കോവളത്തിന്റെ സമഗ്ര വികസന പദ്ധതി ശംഖുമുഖത്തിന്റെ സമഗ്ര വികസന |

| | | | |
|---|---|---|---|
| | | | പദ്ധതി ആക്കുളം കായലിന്റെ പുനരുജ്ജീവനം വർക്കലയുടെ സമഗ്ര വികസന പദ്ധതി വേളിയുടെ സമഗ്ര വികസന പദ്ധതി വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ ധർമ്മടം - മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി ലോകോത്തര നിലവാരത്തിലുള്ള ടോയ്.ലറ്റ് സമുച്ചയങ്ങൾ |
| (ബി) | യുവതികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് നേരെ അതിക്രമങ്ങൾ നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 14 ജില്ലകളിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 375 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകടമുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും, അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. |
| (സി) | എങ്കിൽ ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 14 ജില്ലകളിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 375 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകടമുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും, അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. |

സെക്ഷൻ ഓഫീസർ